(സി) ശുചിത്വമിഷൻ പുതിയ ടെക്നോളജികൾക്കുള്ള അംഗീകാരം നൽകുന്നതിലേയ്ക്കായി 2015-ൽ അപേക്ഷ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ ശ്രീ. പ്രസന്നകുമാറിന്റെ ഇക്കോ ബയോ സിസ്റ്റവും സാങ്കേതിക പരിശോധനയ്ക്കായി പരിഗണിച്ചിരുന്നു. ആയതിന്റെ ലഭ്യമാക്കിയ രേഖകളും ടെക്നിക്കൽ പ്രസന്റേഷനും സാങ്കേതിക സമിതി വിലയിരുത്തുകയും ടി സിസ്റ്റത്തിന്റെ പരിശോധനയ്ക്കായി വേണ്ട സാങ്കേതികവിവരങ്ങൾ, ഡാറ്റ, അന്തിമമായി പുറംതള്ളപ്പെടുന്ന ദ്രവവസ്തുവിന്റെ ക്വാളിറ്റി പരിശോധനാ വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടി പ്രൊപ്പോസൽ ഈ ഘട്ടത്തിൽ പരിഗണിക്കേണ്ടതില്ലായെന്ന് നിശ്ചയിച്ചിട്ടുണ്ട്.

പഞ്ചായത്തുകൾ കക്ഷികളായ കേസ്സുകൾ

204 (3042) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ കക്ഷികളായ ധാരാളം കേസ്സുകൾ കോടതികളിൽ പരിഗണനയിലിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഒരു സിറ്റിംഗിന് വക്കീൽ ഫീസായി മുൻസിഫ് കോടതിയിൽ 1,500 രൂപയും ഹൈക്കോടതിയിൽ 3,000 രൂപയും മാത്രം നൽകുന്നതിനാലാണ് ഇപ്രകാരം കേസുകൾ കെട്ടിക്കിടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഞ്ചായത്ത് ഡയറക്ടറുടെ പ്രത്യേക അനുമതിയോടുകൂടി തുക കൂട്ടി നല്കി കേസ്സുകൾ നടത്തുന്നത് മൂലമുള്ള ബുദ്ധിമുട്ടുകളും കാലതാമസവും പരിഗണിച്ച് സിറ്റിംഗ് ഫീസിന്റെ പരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 12-8-2015-ലെ യോഗത്തിൽ നിലവിലുള്ള കേസ്സുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വക്കീൽ ഫീസായി 3,000 രൂപവരെ അനുവദിക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആയത് 15,000 രൂപ വരെ വർദ്ധിപ്പിക്കുന്നതിനും വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതിയോടുകൂടി 50,000 രൂപ വരെ ചെലവഴിക്കാൻ അനുമതി നൽകുന്നതിനും. അതിനുമുകളിലുള്ള തുകയ്ക്ക് സർക്കാരിന്റെ അനുമതി വേണ്ടെന്നും തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനമനുസരിച്ച് 18-2-2016-ൽ നമ്പർ 36/16/തസ്വഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly